## അനുരഞ്ജന ചർച്ചക്കിടെ തൊഴിലാളിയെ തിരിച്ചെടുക്കാമെന്ന് തൊഴിലുടമ സമ്മതിച്ചിട്ടും വ്യവസായ തർക്കമുന്നയിച്ച തൊഴിലാളിക്ക് മുൻകാല വേതനം നല്കേണ്ട

### പഞ്ചാബ്–ഹരിയാന ഹൈക്കോടതി

C.W.P. No. 19747/2016 Dt. 16.2.2018

എൻ.കെ. ഇൻഡസ്ട്രീസ് x ലേബർ കോർട്ട്

ഫാക്ടറിയിൽ അർദ്ധവിദഗ്ധ ആകസ്മിക തൊഴിലാളിയായി ജോലി ചെയ്തുവന്നയാളെ വാക്കാലുള്ള ഉത്തരവ് പ്രകാരം മേനേജ്മെന്റ് ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. 2003–ൽ നിയമിതനായ ആ തൊഴിലാളിയെ 2008–ലാണ് മേനേജ്മെന്റ് പിരിച്ചുവിട്ടത്. ഇതു സംബന്ധിച്ച് തൊഴിലാളി പരാതി ഉന്നയിച്ചപ്പോൾ ലേബർ ഓഫീസർ അനുരഞ്ജന ചർച്ച നടത്തി. നിയമവിരുദ്ധമായി, അകാരണമായി തന്നെ പിരിച്ചുവിട്ടുവെന്നാണ് തൊഴിലാളി പരാതിപ്പെട്ടത്. അനുരഞ്ജന ചർച്ചക്കിടെ, തൊഴിലാളിയെ തിരിച്ചെടുക്കാമെന്ന് തൊഴിലുടമ സമ്മതിച്ചു. എന്നാൽ തൊഴിലാളി അത് അംഗീകരിച്ചില്ല. വ്യവസായ തർക്കവുമായി മുന്നോട്ടുപോകണമെന്നാണ് തൊഴിലാളി ആവശ്യപ്പെട്ടത്. അതനുസരിച്ച് സംസ്ഥാന സർക്കാർ ആ തർക്കം ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. തൊഴിലാളിയെ പിരിച്ചുവിട്ടത് നിയമവിരുദ്ധമാണെന്ന് വിലയിരുത്തിയ ലേബർ കോടതി തൊഴിലിൽ തുടർച്ചയോടെയും 50% മുൻകാല വേതനത്തോടെയും തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. അനുരഞ്ജന ചർച്ചക്കിടെ, തൊഴിലാളിയെ തിരിച്ചെടുക്കാമെന്ന് അറിയിച്ചിട്ടും ജോലിക്കു ഹാജരാകാതിരുന്ന തൊഴിലാളിക്ക് മുൻകാല വേതനത്തിന് അവകാശമില്ലെന്ന് മേനേജ്മെന്റ് വാദിച്ചു. മാത്രമല്ല, പിരിച്ചുവിടപ്പെട്ടതിനു ശേഷം മറ്റൊരിടത്തും വേതനം കൈപ്പറ്റി ജോലി ചെയ്തിട്ടില്ലെന്ന് തൊഴിലാളി അവകാശപ്പെട്ടിട്ടില്ലെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. തിരിച്ചെടുക്കാമെന്ന് മേനേജ്മെന്റ് അറിയിച്ചിട്ടും ജോലിക്കു ഹാജരാകാതെ വ്യവസായ തർക്കവുമായി മുന്നോട്ടുപോയ തൊഴിലാളിക്ക് മുൻകാല വേതനത്തിന് അവകാശമില്ലെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി ലേബർ കോടതിയുടെ ഉത്തരവ് ഭേദഗതി ചെയ്യുകയും മുൻകാല വേതനം കൂടാതെ തൊഴിലാളിയെ ജോലിയിൽ തിരിച്ചെടുത്താൽ മതിയെന്ന് വിധിക്കുകയും ചെയ്തു.